(എഫ്) നിലവിൽ നിർദ്ദേശമുണ്ടെങ്കിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അത് പാലിക്കുമെന്ന് ഉറപ്പാക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ ജെ.ആർ.വൈ.എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ പദ്ധതികൾ പ്രകാരം തീരപ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ മുതലായവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന റോഡുകൾ എന്നിവയ്ക്ക്, സ്ഥലം തീരെ ലഭ്യമല്ല എന്ന് പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽ വീതി 6 മീറ്ററായി കുറച്ചുകൊണ്ട് ഇളവ് നൽകുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ടായിരുന്നു. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ റൂറൽ റോഡ് മാനുവലിലെ നിബന്ധന പ്രകാരം ഒരു ദിവസം 100-ൽ കുറവ് വാഹനങ്ങൾ മാത്രം സഞ്ചരിക്കുന്ന ഗ്രാമീണ റോഡുകൾക്ക് വീതി 6 മീറ്ററായി നിജപ്പെടുത്തിക്കൊണ്ട് എസ്.ജി.ആർ.വൈ. പദ്ധതിയിൻകീഴിൽ റോഡുപണികൾ അനുവദിക്കാൻ ജില്ലാകളക്ടർമാരെ ചുതമലപ്പെടുത്തിയിട്ടുണ്ട്. മറ്റു പ്രദേശങ്ങൾക്ക് ഇത്തരം ഇളവ് നിലവിലില്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) പദ്ധതി വിഹിതത്തിന്റെ 10% തുക ആസ്തികളുടെ മെയിന്റനൻസിനുവേണ്ടി ഉപയോഗിക്കാമെന്ന് പദ്ധതി മാർഗ്ഗരേഖയിലുണ്ട്. തനതുഫണ്ടും മെയിന്റനൻസിനായി ഉപയോഗിക്കാവുന്നതാണ്.

കുടുംബശ്രീ പദ്ധതിയുടെ കീഴിലുള്ള പ്രവർത്തനങ്ങൾ

112 (1581) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള കുടുംബശ്രീ പദ്ധതി ഇപ്പോഴും കാര്യക്ഷമമായി നിലവിലുണ്ടോ ;

(ബി) സമൂഹത്തിന്റെ ഏതെല്ലാം തലങ്ങളിലുള്ളവരാണ് ഇതിന്റെ ഗുണഭോക്താക്കൾ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിലുള്ള വികസന പ്രവർത്തനങ്ങൾ എന്തൊല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമൂഹത്തിലെ ദരിദ്ര കുടുംബങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ.

(സി) 1. സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ത്രിതല സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം.

2. മിതവ്യയ സമ്പാദ്യ വായ്പ പരിപാടി.

3. കേന്ദ്രാവിഷ്ക്കൃത നഗര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ.

LIBRARY ARCHIVES Kerala Legislative Assembly

4. മൈക്രോ സംരംഭങ്ങൾ.

5. ലിങ്കേജ് ബാങ്കിംഗ് പ്രോഗ്രാം.

6. ലീസ് ലാന്റ് ഫാമിംഗ് പ്രോഗ്രാം.

7. ബാലസഭകളുടെ രൂപീകരണം.

8. വിവിധ വകുപ്പുകളുമായി സംയോജിതമായി നടത്തുന്ന പ്രവർത്തനം.

9. അഗതി കുടുംബങ്ങളെ കണ്ടെത്തലും പുനരധിവാസവും.

10. മാനവ വിഭവശേഷി വികസനം.

11. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ പ്രത്യേകമായ ഇടപെടൽ മുതലായവ.

വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് നടപടി

113 (1582) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ തിരക്കുപിടിച്ച ബസ് സ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ്ഡുകൾ ഇല്ലാത്തതിനാൽ ബസ് കാത്തു നില്ക്കുന്ന യാത്രക്കാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) നഗരത്തിലെ തിരക്കുപിടിച്ച സ്ഥലങ്ങളായ മെഡിക്കൽ കോളേജ്, വഴുതയ്ക്കാട്, ബേക്കറി ജംഗ്ഷൻ എന്നിവിടങ്ങളിൽ ബസ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് ജെയ്സി, റെയിഞ്ച് തുടങ്ങിയ പരസ്യ കമ്പനികൾക്ക് പൊതുമരാമത്ത് വകുപ്പിന്റെയും നാഷണൽ ഹൈവേയുടെയും നിബന്ധനകൾക്ക് വിധേയമായി അനുവാദം നല്കിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ഇതിനകംതന്നെ ബസ് ഷെൽട്ടറുകൾ പണിതിട്ടുമുണ്ട്.

(സി) ബേക്കറി ജംഗ്ഷൻ ഇതിനകംതന്നെ ഒരു ബസ് വെയ്റ്റിംഗ് ഷെൽട്ടർ നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് വഴുതക്കാട് എന്നീ സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെൽട്ടർ പണിയുന്നതിന് നടപടികൾ തുടരുന്നതായിരിക്കുമെന്ന് തിരുവനന്തപുരം നഗരസഭ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly